


# PRIME NEWS ANALYSIS

Malayalam

**ACHARYA**
An influential mentor

www.acharyainfo.com AcharyaIAS.Academy

# സൗജന്യ വൈദ്യുതിയും പ്രശ്നങ്ങളും

പലപ്പോഴും രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ തെരെഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുമെന്ന് പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ട്. നിലവിൽ വൈദുതിയുമായി ബന്ധപ്പെട്ട മൊത്തം സബ്സിഡിയുടെ 70 ശതമാനവും കർഷകർക്കായുള്ള സൗജന്യ വൈദ്യുതിയുടെ രൂപത്തിലാണ് നൽകപ്പെടുന്നത്. ഇത് വൈദുതി വിതരണകമ്പനികളെ നഷ്ടത്തിലാക്കുന്നു എന്ന് മാത്രമല്ല രാജ്യത്തെ വ്യവസായ-വ്യാപാര ഉപഭോക്താക്കൾക്ക് ഉയർന്ന താരിഫിന്റെ രൂപത്തിൽ തിരിച്ചടി നേരിടേണ്ട സാഹചര്യവും സൃഷ്ടിക്കുന്നു.

## സൗജന്യ വൈദ്യുതിയുടെ പ്രശ്നങ്ങൾ

- വൈദ്യുതി വിതരണകമ്പനികളെ നഷ്ടത്തിലേക്ക് നയിക്കുന്നു. ഇത് കമ്പനികളുടെ ഭാഗത്തുനിന്ന് മികച്ച സേവനം ലഭ്യമാക്കുന്നതിന് തടസമാകുന്നു.

- വിതരണ കമ്പനികൾക്ക് വൈദ്യുതി ഉല്പാദകർക്ക് സമയത്ത് പണം നല്കാൻ സാധിക്കാതെ പോകുകയും അത് 'പവർ കട്ടി'ലേക്ക് നയിക്കുകയും ചെയ്യുന്നു. വൈദുതി നിർമ്മാണ കമ്പനികൾക്ക് നിലവിൽ വിതരണ കമ്പനികൾ നൽകാനുള്ളത് 1.4 ലക്ഷം കോടി രൂപയാണ്. ഇത് വൈദ്യുതി നിർമ്മാണ കമ്പനികളെയും ദോഷകരമായി ബാധിക്കുന്നു.

- പരിസ്ഥിതിസൗഹാർദ്ധപരമായ സൗരോർജ്ജം പോലുള്ളവ വീടിന്റെ മുകളിലും മറ്റും പാനലുകൾ വെച്ച് ഉല്പാദിപ്പിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന.

- അമിതോപഭോഗത്തിന് കാരണമാകുന്നു.

- സൗജന്യമായി വൈദ്യുതി ലഭിക്കുന്നതുകൊണ്ടുതന്നെ വലിയ തോതിൽ ജലസേചനം ആവശ്യമുള്ള നെല്ല്,ഗോതമ്പ് തുടങ്ങിയ ജലം വലിയതോതിൽ ആവശ്യമുള്ള വിളകളുടെ കൃഷിക്ക് കർഷകർ മുൻഗണന നൽകുന്നു. ഇത് പഞ്ചാബ്,ഹരിയാന പോലുള്ള സംസ്ഥാനങ്ങളിലെ മണ്ണിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു.

- പഞ്ചാബ്, ഹരിയാന പോലുള്ള സംസ്ഥാനങ്ങളെ ജലദൗർലഭ്യതയിലേക്ക് നയിക്കുന്നു.

## ചെയ്യേണ്ടത് (Way forward)

- സൗജന്യ വൈദ്യുതി നല്കുന്നതിന് പകരം സബ്സിഡി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് എത്തിക്കുക.

- സബ്സിഡി നൽകുകയാണെങ്കിൽ അതിന് നിശ്ചിത യുണിറ്റ് പരിധി വെക്കുക.

- കാർഷിക ആവശ്യത്തിനുപയോഗിക്കുന്നതിനും കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും വ്യത്യസ്തമായ മീറ്റർ ഘടിപ്പിക്കുക.

- യഥാർത്ഥ ആവശ്യക്കാർക്ക് മാത്രം സബ്സിഡി നൽകുക.

ACHARYA
An influential mentor